സി.ജി(2)12001/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 7.11.2009

## സർക്കുലർ നമ്പർ 54/09

വിഷയം: സഹകരണ വകുപ്പ് – സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ എടുത്തിട്ടുള്ള വായ്പകൾ – ജപ്തി നടപടി നിർത്തിവയ്ക്കുന്നത് – സംബന്ധിച്ച്

സൂചന:
1) 29.9.2009 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് തീരുമാനം.
2) സഹകരണ സംഘം രജിസ്ട്രാറുടെ 9/2009, 22/2009 നമ്പർ സർക്കുലറുകൾ

പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗത്തിലെ അംഗങ്ങൾ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാത്തരം വായപ്കളും ധനകാര്യ വകുപ്പിൽ നിന്നും ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ഈടാക്കേണ്ടതില്ലെന്ന് 2009-10 ലെ ബഡ്ജറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ സൂചന (2) പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി സംഘങ്ങൾ/ബാങ്കുകൾ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജപ്തി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം 29.9.2009 ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് വിശദമായി ചർച്ച ചെയ്ത് ടി വായ്പകളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജപ്തി ഉൾപ്പെടെയുള്ള നിയമ നടപടികൾ നിർത്തിവയ്ക്കുന്നതിന് തീരുമാനിച്ചു. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവർ എടുത്തിരുന്നതും 31.3.2006 ൽ കാലാവധി അവസാനിച്ച് കുടിശ്ശികയായതുമായ വായ്പകളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജപ്തി ഉൾപ്പെടെയുള്ള നിയമ നടപടികൾ ടി വിഷയം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ നിർത്തിവച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ടി നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

ഒപ്പ്
റാണി ജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ററാർ (ജനറൽ & ആഡിറ്റ്) മാർക്കും
5. ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർ/,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
9. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരിക്കുന്നതിന്)
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
11. സ്റ്റോക്ക് ഫയൽ / സ്പെയർ

ആജ്ഞാനുസരണം

ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്)